**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4817 **26.06.2019 ൽ** മറുപടിക്ക്

## പ്രളയബാധിതരായ വ്യാപാരികൾക്ക് വാടക ഇളവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | പ്രളയം ബാധിച്ച പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന വ്യാപാരികൾക്ക് പ്രളയത്തിൽ ഉണ്ടായ നഷ്ടത്തെത്തുടർന്ന് മൂന്നു മാസത്തെ വാടക ഇളവുചെയ്തു കൊടുക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; | എ) പത്തനംതിട്ട ജില്ലയിലെ റാന്നി-പഴവങ്ങാടി, തൃശ്ശൂർ ജില്ലയിലെ മാള തുടങ്ങിയ പഞ്ചായത്തുകളിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ട്. |
| ബി) | റാന്നി - പഴവങ്ങാടി പഞ്ചായത്തിൽ ഇഷ്ടികപ്പാറ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ വ്യാപാരം നടത്തുന്നവർക്ക് വാടകയിളവ് നൽകാമെന്ന് പഞ്ചായത്ത് ഭരണ സമിതി വാഗ്ദാനം നൽകിയിരുന്നോ; ഇത് പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ബി) റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സുകളിലെ വ്യാപാരികൾക്ക് വാടകയിളവ് നൽകണമെന്ന വ്യാപാരികളുടെ അപേക്ഷ പരിഗണിച്ച് മൂന്ന് മാസത്തേക്ക് വാടക ഒഴിവാക്കി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി 10.01.2019-ലെ 4(1) തീരുമാനം പ്രകാരം നിശ്ചയിക്കുകയും ഇത് സംബന്ധിച്ച അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ